**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **12.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2411**

**വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കൈമാറ്റം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര പൊതുമേഖല സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) സംസ്ഥാന സർക്കാരിന് കൈമാറാൻ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ (എൻ.സി.എൽ.ടി.) ഡൽഹി ബഞ്ച് ഉത്തരവിട്ടുകയുണ്ടായോ എന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിൽ നിക്ഷിപ്തമായിരുന്ന 100% ഓഹരികളും 25 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാരിന് കൈമാറുവാൻ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ ഡൽഹി ബെഞ്ചിൻെറ ഉത്തരവായിട്ടുണ്ട്. എന്നാൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ കൊച്ചി ബഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ ബാങ്ക് സമർപ്പിച്ചിരുന്ന അപേക്ഷ 28-11-2019 ൽ ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രൊസെസ്സിന് വിധേയമാക്കുവാൻ തീരുമാനിക്കുകയും തുടർനടപടികൾ പുരോഗമിക്കുകയുമാണ്. |
| (ബി) | ഇതു വഴി കമ്പനിയുടെ നിലവിലെ മുഴുവൻ സാമ്പത്തിക ബാധ്യതയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിക്കും എന്ന് അറിയിക്കാമോ; | (ബി) & (സി) | 2019 മാർച്ച് 31 പ്രകാരമുള്ള പ്രൊഫഷണൽ ബാലൻസ് ഷീറ്റിനെ ആധാരമാക്കിയുള്ള ധനകാര്യ റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിൻെറ മൊത്തം ബാധ്യത 409 കോടി രൂപയാണ്. ഏറ്റെടുക്കൽ സംബന്ധിച്ച നടപടികളും |

| | | | |
|---|---|---|---|
| **(സി)** | പ്രധാനമായും എന്തൊക്കെ ബാധ്യതകളാണ് സർക്കാർ ഏറ്റെടുക്കുക; ജീവനക്കാരുടെയും തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സ്വപ്നങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വിശദമാക്കാമോ? | | ബാധ്യതകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ചർച്ചകളും പുരോഗമിച്ചു വരികയാണ്. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിനെ കേരള സർക്കാർ ഏറ്റെടുത്ത് ഉൽപ്പാദനം പുനരാരംഭിക്കുന്നതിനും പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുമുള്ള നടപടികൾ വിവിധ തലങ്ങളിൽ സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**